പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :357 — 29.06.2015 ൽ മറുപടിയ്ക്ക്

## ജലേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം

### ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ

(എ) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

ബി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

### ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
( ഊർജ്ജ വകുപ്പ് മന്ത്രി)

(എ)യും (ബി)യും

ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളും അവയുടെ ശേഷിയും താഴെ പറയും പ്രകാരമാണ്.

എറണാകുളം ജില്ല

1) ബ്രഹ്മപുരത്ത് ഡീസൽ പവർപ്ലാന്റിൽ വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പദ്ധതി-39.86 MW.
2) ബ്രഹ്മപുരത്ത് പവർപ്ലാന്റിന് അനുബന്ധമായി കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കമ്പയിൻഡ് സൈക്കിൾ പവർ പ്ലാന്റ് – 475 MW.
3) പെറ്റ്കോക്കിൽ നിന്ന് വൈദ്യുതി ഉല്പാദന പദ്ധതി – 500 MW.
4) പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി. യുമായി സഹകരിച്ച് വാതകാധിഷ്ഠിത പദ്ധതി – 1200 MW.

കാസർഗോഡ് ജില്ല

1) ചീമേനിയിൽ വാതകാധിഷ്ഠിത പദ്ധതി - 400 x 3 = 1200MW.
2) ചീമേനിയിൽ കൽക്കരി ഇന്ധനമായുള്ള കമ്പയിൻഡ് സൈക്കിൾ പദ്ധതി 660 x 2 = 1320 MW.

മേല്പറഞ്ഞ പദ്ധതികളിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന 39.86 MW പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ പുരോഗമിക്കുന്നു. മറ്റുള്ളവയെല്ലാം പ്രാരംഭദശയിലാണ്. ഉല്പാദനം തുടങ്ങിയിട്ടില്ല.

| | |
|---|---|
| | കൂടാതെ അനെർട്ട് വഴി നടപ്പിലാക്കുന്ന ജലേതര പദ്ധതികൾ താഴെ പറയും പ്രകാരമാണ്.<br>1.സൗരോർജ്ജ വൈദ്യുതി മേഖലയിൽ 10 മെഗാവാട്ടിന്റെ 10000 സൗരഗൃഹ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 10 മെഗാവാട്ടാണ് അതിന്റെ സ്ഥാപിതശേഷി. 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br>2.വിവിധ പൊതു/സ്വകാര്യ കെട്ടിടങ്ങളിലായി 821.5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ<br><br>3.കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സിയുമായി കേരള സർക്കാർ 4.1.2014 ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം പാലക്കാട് ജില്ലയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) പുതിയതായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ? | (സി) 2015-16 സാമ്പത്തിക വർഷം 12 മെഗാവാട്ട് ഗ്രിഡ് കണക്റ്റഡ് സോളാർ പവർ പ്ലാന്റുകൾ കൂടി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.<br>പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.<br>കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

ന.ചോ. നം. 357

അനുബന്ധം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ (വിവിധ ജില്ലകൾ) | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ പാലക്കാട് | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ പാലക്കാട് | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ തൃശ്ശൂർ. | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ വയനാട് ജില്ല. | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) (തിരുവനന്തപുരം) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ കോഴിക്കോട് | 1 |
| | കക്കയം സോളാർ ഫ്ലോട്ടിംഗ് പ്ലാന്റ് സ്ഥാപിക്കൽ " | 1 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിയ്ക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-I വയനാട് | 0.5 |
| | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിയ്ക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-II വയനാട് | 2.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിയ്ക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ (വിവിധ ജില്ലകൾ) | 3.25 |
| 13 | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൗരോർജ്ജ പദ്ധതി കണ്ണൂർ | 2.0 |
| ~~14~~ | ~~വിലങ്ങാട് ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൗരോർജ്ജ പദ്ധതി~~ | ~~[illegible]~~ |
| | ആകെ | ~~15.55206~~ 15.0506 |

II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര പദ്ധതികൾ

**സോളാർ പദ്ധതി**

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| A | ഉപഭോക്താക്കൾ വഴി സ്ഥാപിക്കുന്ന ചെറിയ ശേഷിയുള്ള ഗ്രിഡ് കണക്ടഡ് പദ്ധതികൾ | |
| 1 | സൗരവൈദ്യുത ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10.06.2014 Grid Interactive Distributed Solar Energy System എന്ന പേരിൽ ഒരു റഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്തെ എല്ലാതരം LT / HT ഉപഭോക്താക്കളുടേയും സൗരോർജ്ജ പാനലുകൾ അവർ അപേക്ഷിക്കുന്ന മുറയ്ക്ക് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. CEA-യുടെ 2013-ലെ Technical Standards of connectivity for Distributed Generation Resource Regulation അനുസരിച്ചാണ് ഇത്തരം വൈദ്യുതി ഉല്പാദന സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടത്. EHT ഉപഭോക്താക്കൾക്ക് പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കാവുന്ന പദ്ധതികൾ അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഉപഭോക്താക്കളിൽ നിന്നായി 154 കിലോവാട്ട്സ് സൗരോർജ്ജ പാനലുകൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | |
| B | ഉയർന്ന ശേഷിയുള്ള ഗ്രിഡ് കണക്ടഡ് പദ്ധതികൾ | |
| 1 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി | 50 |
| 2 | കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ SECI-യുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതി | 200 |
| | ആകെ | 250 |

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| | **കാറ്റാടി പദ്ധതി** | |
| 1 | Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്തു സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 22 |
| 2 | എൻ.എച്ച്.പി.സി., പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 82 |
| | ആകെ | 104 |